DESPATCHED
On...03/06/2020

19/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561614, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**A.P.790(1)/2017/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 5748/SIC-G4/2017**

**സന്നിഹിതൻ**

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ആര്യനാട് രാമചന്ദ്രൻ
ആര്യ നിവാസ്, പള്ളിവേട്ട
ആര്യനാട് പി.ഒ., തിരുവനന്തപുരം — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ
എൽ.എസ്.ജി.ഡി. സെക്ഷൻ, ആര്യനാട് ഗ്രാമപഞ്ചായത്ത്
തിരുവനന്തപുരം
2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.)
വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, വെള്ളനാട് പി.ഒ.
തിരുവനന്തപുരം

— എതിർകക്ഷികൾ

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിൽ ആര്യനാട്, കുറ്റിച്ചൽ ഗ്രാമപഞ്ചായത്തുകളിലെ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കാര്യാലയത്തിലെ ക്ലാർക്കായ ശ്രീമതി ആർ. അഞ്ചു കൃഷ്ണൻ (Deemed PIO), കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷ 06.01.2017 തീയതി എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കാര്യാലയത്തിൽ ലഭിച്ചിരുന്നു എന്നും ആയത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു എന്നും ഒരു അപേക്ഷ മാത്രമായി സമർപ്പിക്കാതിരിക്കുന്നതിനോ നഷ്ടപ്പെടുത്തുന്നതിനോ യാതൊരു കാരണവുമില്ലെന്നും ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷ കൈമാറാതെ വൈകിപ്പിച്ചു എന്ന ആരോപണം ശരിയല്ലെന്നും മറ്റുമാണ്.

2. ടി വിശദീകരണം പരിശോധിച്ചതിൽ, ആയതു ന്യായീകരിക്കത്തക്കതായി കാണുന്നില്ല. ടി അപേക്ഷ കൈപ്പറ്റിയതിനു ശേഷം ആയത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമയബന്ധിതമായി കൈമാറിയിരുന്നു എന്നു സ്ഥാപിക്കുന്ന യാതൊരു തെളിവും ടി ക്ലാർക്ക് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി വീഴ്ചയ്ക്ക് ശ്രീമതി ആർ. അഞ്ചു കൃഷ്ണനാണ് ഉത്തരവാദി

(മറുപുറം)

യെന്നു കണക്കാക്കി Deemed PIO എന്ന നിലയിൽ ടിയാളെ ശിക്ഷിക്കുവാനും ശിക്ഷയായി 1,000/- രൂപ (ആയിരം രൂപ മാത്രം) ടിയാളിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു.

3. ഈ ഉത്തരവ് കിട്ടി 30 ദിവസങ്ങൾക്കകം Deemed PIO ശ്രീമതി ആർ. അഞ്ചു കൃഷ്ണൻ 1,000/- രൂപ (ആയിരം രൂപ മാത്രം) "0070-60-118-99 Receipts Under Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം **2020 മെയ് മാസം 19-ാം തീയതി** കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

(മറുപുറം)

RIGHT TO INFORMATION

sh